**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1132** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വിനോദ സഞ്ചാര മേഖലയിലെ തൊഴിലവസരങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീമതി ഒ. എസ്. അംബിക

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** വിനോദ സഞ്ചാര മേഖലയിൽ തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പുതിയ പഠന-പരിശീലന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; ഈ കാലയളവിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.) പോലുള്ള സ്ഥാപനങ്ങളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** 2020-21 സാമ്പത്തിക വർഷ ബഡ്ജറ്റിൽ ഉൾപ്പെടുത്തി, താത്കാലിക ക്യാമ്പസിൽ, തലശ്ശേരി മൂന്നാം മൈലിൽ ആരംഭിച്ച കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിന്റെ സ്ഥിരം ക്യാമ്പസിന്റെ നിർമ്മാണപ്രവർത്തികൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പിണറായി എജ്യൂക്കേഷൻ ഹബ്ബിൽ നടന്നുവരികയാണ്.

കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ ബിരുദ - ഡിപ്ലോമ - സ്കിൽ പരിശീലന കോഴ്സുകൾ നടത്തി വരുന്നു. നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിങ് ടെക്നോളജിയുമായി അഫിലിയേറ്റ് ചെയ്ത ടി സ്ഥാപനം കോഴിക്കോട് വെസ്റ്റ് ഹില്ലിൽ വരക്കൽ ബീച്ചിനടുത്ത് പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി വിവിധ പഠന പരിശീലന പദ്ധതികൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ നടത്തി വരുന്നു.

വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി, മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കാര്യക്ഷമവും നൂതനവുമായ നയപരിപാടികൾ ആവിഷ്കരിക്കുന്നത് സർക്കാരിന്റെ ആലോചനയിൽ ഉണ്ട്.

**(ബി)** ടൂറിസം മേഖലയിൽ സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി മുൻ സർക്കാരിന്റെ കാലയളവിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾ വഴിയും മറ്റും നടപ്പിലാക്കിയ പ്രത്യേക സൗജന്യ തൊഴിൽ പരിശീലന പരിപാടികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.) കോഴിക്കോടിന് അനുവദിച്ച 20 ലക്ഷം രൂപ ഉപയോഗപ്പെടുത്തി 120

വനിതകൾക്ക് Traditional Snacks cum Savoury Maker, Multicuisine Cook, Internship എന്നീ സൗജന്യ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

ടൂറിസം മേഖലയിൽ സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി കിറ്റ്സ് "Multi Skill Hospitality Executive" എന്ന 6 മാസത്തെ പരിശീലന പദ്ധതി സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂർ, കളമശ്ശേരി സെന്ററുകൾ വഴി സ്ത്രീകൾക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകി വരുന്നു.

**(സി)** ടൂറിസം വ്യവസായത്തിന് ആവശ്യമായ മാനവ വിഭവശേഷി ഒരുക്കുന്നതിനായി, മുൻ സർക്കാരിന്റെ കാലത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖേന എന്തെല്ലാം പുതിയ ബിരുദ ബിരുദാനന്തര, ഡിപ്ലോമ കോഴ്സുകളും ഹ്രസ്വകാല നൈപുണ്യ വികസന പരിപാടികളുമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള സർവകലാശാലയുടെ അംഗീകൃത രണ്ട് വർഷ ബിരുദാനന്തരബിരുദ കോഴ്സായ Master of Tourism and Travel Management എന്ന പഠന പദ്ധതി കിറ്റ്സിൽ 2025-26 അധ്യയന വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

**(ഡി)** വിനോദ സഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ മുതലായവയുടെ സഹകരണത്തോടെ ടൂറിസം മേഖലയിലെ തൊഴിൽ-സംരംഭക സാധ്യതകൾ വർദ്ധിപ്പിക്കാൻ മുൻ സർക്കാർ നടപ്പാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM) മുഖേന കണ്ണൂർ യൂണിവേഴ്സിറ്റി അഫിലിയേഷനോടുകൂടിയ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ് ബിരുദ കോഴ്സ് നടത്തി വരുന്നുണ്ട്. ടൂറിസം മേഖലയിലെ വർധിച്ച് വരുന്ന തൊഴിൽ സാദ്ധ്യതകൾ കണക്കിലെടുത്ത് വിവിധ പഠന പരിശീലന പദ്ധതികളായ ബിരുദ പ്രോഗ്രാം(ആറ് സെമസ്റ്ററിലായി നടത്തുന്ന മൂന്നു വർഷത്തെ ബി.എസ്. സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്) ഡിപ്ലോമ പ്രോഗ്രാമുകൾ, തൊഴിൽ പരിശീലനങ്ങൾ, സ്കിൽ പരിശീലനങ്ങൾ എന്നിവ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് മുഖേന നടത്തി വരുന്നു. ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ സാധ്യതകൾക്ക് അനുസൃതമായി വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിനായി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ട് മുഖേന വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തി വരുന്നു.

വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സംരംഭക സാദ്ധ്യതകൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി കാരവൻ ടൂറിസം സബ്സിഡി പദ്ധതി നടപ്പിലാക്കി വരുന്നു.

വിനോദസഞ്ചാര മേഖലയിലെ തൊഴിൽ-സംരംഭക സാദ്ധ്യതകൾ വർധിപ്പിക്കുന്നതിന് കിറ്റ്സ് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ "ഹോം സ്റ്റേ" സംരംഭകത്വ പരിശീലനം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**